No.10/2018/SRG/LSGD(4)

## വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 06.06.2018 ൽ കൂടിയ യോഗത്തിന്റെ നടപടി വിവരം

യോഗം ഉച്ചകഴിഞ്ഞ് 2.00 മണിക്ക് ബഹു.തദ്ദേശസ്വയംഭരണ വകുപ്പ്മന്ത്രിയുടെ ചേംബറിൽ ആരംഭിച്ചു. ബഹു. മന്ത്രി യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. യോഗത്തിൽ പങ്കെടുത്തവരുടെ പേരു വിവരം ഹാജർ രജിസ്റ്റർ പ്രകാരം

### 1.പൊതു അവലോകനം

തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഇതുവരെയുള്ള പദ്ധതി ചെലവ് 6.96 ശതമാനമാണ്.

1.പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കുന്നതിനും പ്രവർത്തനം ചിട്ടപ്പെടുത്തുന്നതിനും എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളും നടപടി സ്വീകരിക്കണം. ഇതിന്റെ ഭാഗമായി ബഹു.തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി എല്ലാ ജില്ലയിലും അവലോകന യോഗം നടത്തുന്നുണ്ട്. ഇതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു. ജില്ലാതല അവലോകന യോഗത്തിൽ ജില്ലാ ആസൂത്രണസമിതി ചെയർമാൻ, മെമ്പർമാർ, ജില്ലാ കളക്ടർ, ജില്ലാ പ്ലാനിംഗ് ഓഫീസർ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ) ബന്ധപ്പെട്ട നഗരസഭാ റീജിയണൽ ജോയിന്റ് ഡയറക്ടർ മറ്റു ജില്ലാതല ഉദ്യോഗസ്ഥർ, എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലേയും അദ്ധ്യക്ഷന്മാർ, സെക്രട്ടറിമാർ, ബ്ലോക്ക് പഞ്ചായത്തിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ എന്നിവർയോഗത്തിൽ പങ്കെടുക്കണം. ഇതിനുവേണ്ട അറിയിപ്പ് ജില്ലാ കളക്ടർമാർ നൽകണം.

അവലോകനത്തിന് ആവശ്യമായ വിവരങ്ങൾ ജില്ലാകളക്ടർ അവലോകന യോഗത്തിന് രണ്ടു ദിവസം മുൻപ് തന്നെ ബഹു. മന്ത്രിയുടെ ഓഫീസിലും, അഡീഷണൽ ചീഫ് സെക്രട്ടറിക്കും നൽകണം. അവലോകനം ചെയ്യാനുദ്ദേശിക്കുന്ന വിഷയങ്ങൾ സംബന്ധിച്ച കരട് തയ്യാറാക്കാൻ എസ്.ആർ.ജി. യെ ചുമതലപ്പെടുത്തി.

**അവലോകന യോഗങ്ങൾ**

| സ്ഥലം | തീയതി |
|---|---|
| തൃശ്ശൂർ | ജൂൺ 22 വെള്ളി 10.00 am |
| കൊല്ലം | ജൂൺ 26 ചൊവ്വ, 10.00 am |
| തിരുവനന്തപുരം | ജൂൺ 28 വ്യാഴം, 10.00 am |
| കോട്ടയം | ജൂൺ 29 വെള്ളി, 10.00 am |
| കാസർഗോഡ് (കാഞ്ഞങ്ങാട്) | ജൂലൈ 2 തിങ്കൾ, 10.00 am |
| കണ്ണൂർ (പയ്യന്നൂർ) | ജൂലൈ 2 തിങ്കൾ, 2.30 pm |
| കോഴിക്കോട്, വയനാട് | ജൂലൈ5 വ്യാഴം, 10.30 am |
| പാലക്കാട് | ജൂലൈ 6 വെള്ളി, 10.00 am |
| എറണാകുളം | ജൂലൈ 9 തിങ്കൾ, 10.00 am |
| ആലപ്പുഴ, കായംകുളം | ജൂലൈ 12 വ്യാഴം, 2.00 pm |

| | |
|---|---|
| പത്തനംത്തിട്ട (തിരുവല്ല) | ജൂലൈ 13 വെള്ളി, 2.00 pm |
| ഇടുക്കി | ജൂലൈ 16 തിങ്കൾ, 10.30 pm |
| മലപ്പുറം | ജൂലൈ 20 വെള്ളി, 02.30 pm |

**2.തുടർ നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ**

ജില്ലാ പദ്ധതിയിലെ സംയോജിത പരിപാടിക്ക് പ്രോത്സാഹന ധനസഹായം അനുവദിക്കുന്നതു സംബന്ധിച്ച് സംസ്ഥാന ആസൂത്രണ ബോർഡ് തയ്യാറാക്കി നൽകിയ കരട് മാർഗ്ഗരേഖ അംഗീകരിച്ചു കൊണ്ടുള്ള ഉത്തരവ് ഉടനെ തന്നെ ഇറക്കുന്നതാണ്.

നടപടി: 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്
2) ധനകാര്യ വകുപ്പ്

**2.1 05.03.2018-ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗ തീരുമാന പ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ**

**ഖണ്ഡിക 4.105**

**പോത്താനിക്കാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 20.02.2018-ലെ C4-01/17-ാം നമ്പർ കത്ത്.**

സ്ട്രീറ്റ് ലൈറ്റിന് സോളാർ പാനൽ സ്ഥാപിക്കുന്നതിനുള്ള പ്രോജക്ടിന് ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇത് അനെർട്ട് മുഖേന ഡെപ്പോസിറ്റ് പ്രവൃത്തിയായി ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. എസ്റ്റിമേറ്റ് തുക 24.00 ലക്ഷം രൂപ. ഇതിന് 10 ശതമാനം സർവ്വീസ് ചാർജ്ജടക്കം 26.40 ലക്ഷം രൂപ അനെർട്ടിന് ഡെപ്പോസിറ്റ് ചെയ്യാൻ അനുമതി സംബന്ധിച്ച്.

ഡെപ്പോസിറ്റ് പ്രവർത്തികളുടെ മോണിറ്ററിംഗിനും മറ്റും പ്ലാൻ ഫണ്ട് ലഭിക്കുന്നില്ലാത്തതിനാൽ സർവ്വീസ് ചാർജ്ജ് വേണമെന്ന് അനെർട്ട് ഡയറക്ടർ അറിയിച്ചതനുസരിച്ച് സർവ്വീസ് ചാർജ്ജടക്കം അനെർട്ടിന് ഡെപ്പാസിറ്റ് ചെയ്യാൻ അനുമതി നൽകുന്നു.

നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.എ ) വകുപ്പ്

**ഖണ്ഡിക 4.110**

**പുതുപ്പള്ളി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 15.01.2018-ലെ കത്ത്**

2016-17-ൽ ശുചിത്വ മേഖലയിൽ ബയോഡൈജസ്റ്റർ പോട്ട് എന്ന പ്രോജക്ട് ഉൾപ്പെടുത്തിയിരുന്നു. ഈ വർഷം സ്പിൽഓവറായി തുടരുന്നു. ഇതിന് ശുചിത്വ മിഷനിൽ നിന്ന് സാങ്കേതികാനുമതി ലഭിച്ചില്ല. സാങ്കേതികാനുമതി നൽകണമെന്നതു സംബന്ധിച്ച്

പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിക്കുകയാണെങ്കിൽ സാങ്കേതിക അനുമതി പരിഗണിക്കാമെന്ന് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചു.

തീരുമാനം:- പുതുക്കിയ എസ്റ്റിമേറ്റ് സഹിതം ശുചിത്വ മിഷന് വീണ്ടും സമർപ്പിക്കുവാൻ നിർദ്ദേശിക്കുന്നു.

നടപടി:-1) തദ്ദേശസ്വയംഭരണ (ഡി.സി.) വകുപ്പ്
2) എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ

## 2.2. 12.04.2018 ൽ കൂടിയ കോഓർഡിനേഷൻ കമ്മിറ്റി യോഗ തീരുമാനപ്രകാരം സ്വീകരിക്കേണ്ട തുടർ നടപടികൾ

**ഖണ്ഡിക 2.8**

പി.എം.എ.വൈ ഭവന പദ്ധതിയിൽ വീടിന്റെ യൂണിറ്റ് നിരക്ക് അർബൻ 1,50,000/- രൂപയും റൂറൽ 1,20,000/ രൂപയുമാണ്. ഇതിന്റെ 60 ശതമാനം കേന്ദ്ര സഹായമായി ലഭിക്കും. ഇത് ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി യൂണിറ്റ് നിരക്ക് 4.00 ലക്ഷം രൂപയായി നിശ്ചയിച്ചാണ് ധനസഹായം നൽകുന്നത്. അതിനാൽ പി.എം.എ.വൈ-ലൈഫ് മിഷൻ എന്ന പേരിൽ ഈ പദ്ധതി നടപ്പാക്കാൻ തീരുമാനിച്ചു. ഇതു സംബന്ധിച്ച ഉത്തരവ്

നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്
2) നഗരകാര്യ ഡയറക്ടർ
3) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ

**ഖണ്ഡിക 2.17**

SCSP/TSP വിഭാഗത്തിലെ പൊതുപ്രോജക്ടുകൾക്ക് ഫിസിബിലിറ്റി സർട്ടിഫിക്കറ്റും സോഷ്യൽ മാപ്പും വേണം. എന്നാൽ ബന്ധപ്പെട്ട വെറ്റിംഗ് ഉദ്യോഗസ്ഥൻ ഇതു കൃത്യമായി പരിശോധിക്കുന്നുണ്ടോ എന്നറിയാൻ സുലേഖ സോഫ്റ്റ് വെയറിൽ സൗകര്യമില്ല. വെറ്റിംഗ് നടത്തുമ്പോൾ ഇതു കൂടി രേഖപ്പെടുത്താൻ (മാൻഡേറ്ററി) പ്രോജക്ട് പ്രൊഫോർമയിൽ ക്രമീകരണം 2 ദിവസത്തിനകം നടപ്പാക്കും.

നടപടി:- 1) എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം

**ഖണ്ഡിക 2.18**

പദ്ധതി ആസൂത്രണ - അംഗീകാര പ്രക്രിയ സുലേഖ സോഫ്റ്റ് വെയറിലൂടെയാക്കിയതുപോലെ പ്രോജക്ടുകളുടെ നിർവ്വഹണ പ്രക്രിയയും സുലേഖ സോഫ്റ്റ് വെയർ വഴി വിലയിരുത്താനുള്ള ക്രമീകരണം നടത്തണം. ഉദാ: ടെണ്ടർ അംഗീകാരം, പർച്ചേയ്സ് ഓർഡർ, ഗുണഭോക്തൃ തെരഞ്ഞെടുപ്പ് മുതലായവ. ഇതു സംബന്ധിച്ച് സാധ്യതാ റിപ്പോർട്ട് ഐ.കെ.എം. അടുത്ത കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിന് മുമ്പ് നൽകണം.

നടപടി:- 1) തദ്ദേശസ്വയംഭരണ (ഐ.ബി) വകുപ്പ്
2) എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം

## 2.3 02.05.2018-ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗ തീരുമാന പ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

**ഖണ്ഡിക 3.2**

2017-18 വർഷം തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി ചെലവ് വളരെ മികച്ചതാണ്. എന്നാൽ ചില വകുപ്പുകളിലെ നിർവഹണ ഉദ്യോഗസ്ഥൻമാരുടെ പദ്ധതി ചെലവ് വളരെ കുറവാണെന്ന് കോഓർഡിനേഷൻ കമ്മിറ്റിയുടെ 05.03.2018, 21.03.2018 എന്നീ യോഗങ്ങളിൽ വിലയിരുത്തിയിരുന്നു. ഈ വകുപ്പുകളും ഉദ്യോഗസ്ഥൻമാരും ഏതൊക്കയാണ് എന്നത് സംബന്ധിച്ച വിവരം തയ്യാറാക്കി നൽകണം.

നടപടി:- 1) തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്
2) എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം

**ഖണ്ഡിക 3.12**

ഗ്രാമപഞ്ചായത്തിലും നഗരസഭകളിലുമുള്ള അറവുശാലകൾ, മാലിന്യസംസ്കരണ പ്ലാന്റ്, ക്രിമിറ്റോറിയം എന്നിവയുടെ (ആധുനീക രീതിയിലുള്ളതും പഴയതും തരംതിരിച്ച്) ലിസ്റ്റ് പഞ്ചായത്ത് ഡയറക്ടറും നഗരകാര്യ ഡയറക്ടറും തയ്യാറാക്കിയിട്ടുണ്ട്. അറവുശാലകൾ, മാലിന്യ സംസ്കരണ പ്ലാന്റ്, ക്രിമിറ്റോറിയം എന്നിവ ഇല്ലാത്ത ഗ്രാമപഞ്ചായത്തുകളും നഗരസഭകളും ഇവ നിർമ്മിക്കുന്നതിന് പ്രോജക്ട് തയ്യാറാക്കാൻ ആവശ്യമായ ഇടപെടൽ പഞ്ചായത്ത് ഡയറക്ടറും നഗരകാര്യ ഡയറക്ടറും നടത്തണം.

നടപടി: 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്
2) പഞ്ചായത്ത് ഡയറക്ടർ
3) നഗരകാര്യ ഡയറക്ടർ

**ഖണ്ഡിക 4.13**

**4.13 ഇടുക്കി ജില്ലാ പഞ്ചായത്തു പ്രസിഡന്റിന്റെ 26.04.2018-ലെ B1-1233/16-ാം നമ്പർ കത്തും അനുബന്ധ കുറിപ്പും**

ജില്ലാ പഞ്ചായത്തിന്റെ വിവിധ കെട്ടിടത്തിലെ പഴയ വയറിംഗ് മാറ്റി പുതിയ വയറിംഗിനായി പ്രോജക്ട് തയ്യാറാക്കിയിരുന്നു. വൈദ്യുതി മീറ്റർ സ്ഥാപിക്കൽ 5,00,000/- രൂപ. വിവിധ കെട്ടിടങ്ങളുടെ വൈദ്യുതീകരണം 10,00,000/- രൂപ. ഈ പ്രവൃത്തികൾ ടെണ്ടർ നടപടി കൂടാതെ സ്റ്റേറ്റ് നിർമ്മിതി കേന്ദ്രയെ ഏൽപ്പിച്ചു. പ്രവൃത്തിയുടെ നല്ലൊരു ഭാഗം ചെയ്തു കഴിഞ്ഞു. തുക നൽകാത്തതിനാൽ നിർമ്മിതി കേന്ദ്രം പ്രവൃത്തി നിർത്തി വച്ചിരിക്കുകയാണ്. വൈദ്യുതീകരണത്തിനുള്ള അക്രഡിറ്റഡ് ഏജൻസിയല്ല നിർമ്മിതി കേന്ദ്രം. അതിനാൽ തുക നൽകാൻ പ്രത്യേക അനുമതിയിന്മേൽ പരിശോധിച്ച് റിപ്പോർട്ട് നൽകാൻ സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസറെ ചുമതലപ്പെടുത്തിയിരുന്നു.

പഴയ കെട്ടിടത്തിൽ നടത്തിയ വയറിംഗിന് ക്രമപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചിരുന്നില്ല എന്ന് സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ യോഗത്തിൽ അറിയിച്ചു.

**തീരുമാനം:-** ഇത് വകുപ്പ തലത്തിൽ വിശദമായി പരിശോധിച്ച് നടപടി സ്വീകരിക്കാൻ നിർദ്ദേശിക്കുന്നു.

നടപടി: നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്

**2.4 23.05.2018-ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗ തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ**

**ഖണ്ഡിക 1.1**

തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2018-19-ലെ നിർമ്മാണ പ്രോജക്ടുകളുടെ വെറ്റിംഗ്/ സാങ്കേതികാനുമതിയുടെ സ്റ്റാറ്റസ് തുടർച്ചയായി അവലോകനം ചെയ്യണമെന്നും പ്രശ്നങ്ങൾ പരിഹരിക്കാൻ ഇടപെടണമെന്നും തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറോട് നിർദ്ദേശിച്ചു.

നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്
2) തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ

**ഖണ്ഡിക 3.4**

നവകേരളം മിഷന്റെ ഭാഗമായി മിഷൻ മേധാവികൾ ജില്ലകളിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷൻമാരെയും സെക്രട്ടറിമാരടക്കമുള്ള ഉദ്യോഗസ്ഥരുടേയും യോഗങ്ങൾ വിളിക്കാറുണ്ട്. ഇതു കൂടാതെ ട്രെയിനിംഗിനും വിളിക്കാറുണ്ട്. വിവിധ മിഷനുകൾ ഇത്തരം യോഗം പ്രത്യേകം പ്രത്യേകമായാണ് പലപ്പോഴും വിളിക്കാറുള്ളത്. പങ്കെടുക്കുന്നവർക്ക് സമയനഷ്ടമടക്കം വളരെ ബുദ്ധിമുട്ടുണ്ടാക്കുന്നു. ഈ സാഹചര്യത്തിൽ വിവിധ മിഷനുകളുടെതടക്കമുള്ള ഇത്തരം യോഗങ്ങൾ ഒരുമിച്ചു വിളിക്കുകയും എല്ലാ അജണ്ടകളും ഒരുമിച്ച് ചർച്ച ചെയ്യുന്ന/അവലോകനം ചെയ്യുന്ന രീതിയിലാക്കേണ്ടതുമാണ്. ജില്ലാ ആസൂത്രണസമിതിയുടേയോ ജില്ലാ കളക്ടറുടേയോ നേതൃത്വത്തിൽ വേണം ഇപ്രകാരം യോഗം ഇനി വിളിക്കേണ്ടത്.
ഇത് സംബന്ധിച്ച സർക്കുലർ ഉടനെ ഇറക്കുന്നതാണ്.

(നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്
2) മിഷൻ മേധാവികൾ

**ഖണ്ഡിക 3.9**

**മലപ്പുറം ജില്ലാ പ്ലാനിംഗ് കമ്മിറ്റി മെമ്പറായ ശ്രീ. എ.കെ.അബ്ദുൾ റഹിമാന്റെ 20.04.2018-ലെ കത്ത്**

തദ്ദേശഭരണ സ്ഥാപനങ്ങളിലെ ഭരണസമിതി അംഗങ്ങളായ ജില്ലാ പ്ലാനിംഗ് കമ്മിറ്റി അംഗങ്ങൾ വിവിധ ഡി.പി.സി. യോഗങ്ങളിലും സബ് കമ്മിറ്റി യോഗങ്ങളിലും പങ്കെടുത്തതിന്റെ റ്റി.എയും സിറ്റിംഗ് അലവൻസും ജില്ലാ ആസൂത്രണസമിതി സെക്രട്ടേറിയറ്റിൽ നിന്നു തന്നെ (ജില്ലാ പ്ലാനിംഗ് ഓഫീസ്) താഴെപ്പറയുന്ന നിരക്കിൽ നൽകണമെന്നു തീരുമാനിച്ചിരുന്നു. ഒരു യോഗത്തിൽ പങ്കെടുക്കുന്നതിന് 400/- രൂപ സിറ്റിംഗ് ഫീയും യാത്രാബത്തയായി പരമാവധി 600/- രൂപയും ചേർത്ത് ആകെ പരമാവധി 1000/- രൂപ നൽകാവുന്നതാണ്. ഈ തുക ജില്ലാ ആസൂത്രണസമിതി അംഗങ്ങൾക്കുള്ള അലവൻസ് എന്ന വിഹിതത്തിൽ നിന്ന് ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ് അനുവദിക്കേണ്ടതാണ്. അതത് തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്ന് ഇനിയും അലവൻസ് നൽകേണ്ടതില്ല. ഇതിന്മേലുള്ള ഉത്തരവും തുടർ നടപടിയും.

നടപടി :- 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്
2) ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്
3) ചീഫ്, ഡി.പി. ഡിവിഷൻ, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്

**ഖണ്ഡിക 3.12**

4) 07/02/2018 ലെ സ.ഉ(എം.എസ്) നം.20/2018/തസ്വഭവ സർക്കാർ ഉത്തരവ് പ്രകാരം ബഡ്സ് സ്ഥാപനങ്ങളിലെ ജീവനക്കാരുടെ വേതന വർദ്ധനവ് വരുത്തി ഉത്തരവ് നൽകിയിരുന്നു. എന്നാൽ 14/2/2018 ലെ സ.ഉ(കൈ) നം 22/2018/തസ്വഭവ ഉത്തരവിലെ 7.1.8 ഖണ്ഡികയിൽ ഈ വേതന വർദ്ധനവ്

ഉൾപ്പെടുത്തിയിട്ടില്ല. 07.02.2018-ലെ ഉത്തരവ് പ്രകാരം താഴെപ്പറയുന്ന രീതിയിൽ വേതനം നൽകുന്നതിന് അനുമതി വേണമെന്ന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചു.

(എ) ബഡ്സ്/ബി.ആർസി. അദ്ധ്യാപകർക്ക് നിശ്ചിത യോഗ്യതയുള്ള പക്ഷം (യോഗ്യതകൾ D.Ed Special (Autism Spectrum Disorder) Diploma in Early Childhood Special Education (DECSE) (Mental Retardation ) : D.Ed Special Education ( Cerebral Palsy): D.Ed Special Education ( Hearing Impairment): D.Ed Special Education (Visual Impairment) Diploma in Community based Rehabilitation, Diploma in Vocation Rehabiliation). ജി.ഒ(പി) No.56/2017/ ധന തീയതി 28.04.32017 ഉത്തരവിൽ അനുബന്ധത്തിൽ കാറ്റഗറി 9 -ൽ പറയുന്ന അസി. ടീച്ചർ വിത്ത് സ്പെഷ്യൽ ട്രെയിനിംഗ് സ്കൂൾ ഫോർ ദ ഹാൻഡി ക്യാപ്ഡ് വിഭാഗക്കാർക്ക് കോൺട്രാക്ട് വ്യവസ്ഥയിൽ പ്രതിമാസം അനുവദിക്കാൻ കഴിയുന്ന പരമാവധി

തുകയായ 30,675/- രൂപ (മുപ്പതിനായിരത്തി അറുന്നൂറ്റി എഴുപത്തിയച്ച് രൂപ മാത്രം ) നിരക്കിൽ ശമ്പളം അനുവദിക്കണം.

(ബി) ബഡ്സ്/ബി.ആർസി. അദ്ധ്യാപകർക്ക് നിശ്ചിത യോഗ്യത ഇല്ലാത്ത പക്ഷം ജി.ഒ(പി)നം.56/2017ധന തീയതി 28.04.2017 ഉത്തരവിൽ അനുബന്ധത്തിൽ കാറ്റഗറി 5-ൽ പറയുന്ന അസി. ടീച്ചർ വിത്തൗട്ട് സ്പെഷ്യൽ ട്രെയിനിംഗ് സ്കൂൾ ഫോർ ദ ഹാൻഡി ക്യാപ്ഡ് വിഭാഗക്കാർക്ക് കോൺട്രാക്ട് വ്യവസ്ഥയിൽ പ്രതിമാസം അനുവദിക്കാൻ കഴിയുന്ന പരമാവധി തുകയായ 23,100/ രൂപ (ഇരുപത്തി മൂവായിരത്തി ഒരുനൂറ് രൂപ മാത്രം) നിരക്കിൽ ശമ്പളം അനുവദിക്കണം.

(സി) ആയമാർക്ക് ഇതേ ഉത്തരവിലെ അനുബന്ധത്തിൽ കാറ്റഗറി 1-ൽ ആയ വിഭാഗക്കാർക്ക് കോൺട്രാക്ട് വ്യവസ്ഥയിൽ പ്രതിമാസം അനുവദിക്കാൻ കഴിയുന്ന പരമാവധി തുകയായ 17,325/ രൂപ(പതിനേഴായിരത്തി മൂന്നൂറ്റി ഇരുപത്തിയഞ്ച് രൂപ മാത്രം) നിരക്കിൽ ശമ്പളം അനുവദിക്കണം.

ഇതു സംബന്ധിച്ച ഉത്തരവ് ഉടനെ ഇറക്കും

നടപടി:-1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്
2) എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ

**ഖണ്ഡിക 3.13**

പ്രാഥമികാരോഗ്യകേന്ദ്രം, കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലെ ഉച്ചകഴിഞ്ഞത്തെ പ്രവർത്തനത്തിന് നിയമിക്കപ്പെടുന്ന ഡോക്ടർമാർക്കും പാരാമെഡിക്കൽ സ്റ്റാഫിനും തസ്തികയുടെ അടിസ്ഥാന വേതനം (ആരോഗ്യ വകുപ്പിൽ പുതുതായി ജോലിക്ക് ചേരുമ്പോൾ ലഭിക്കുന്ന വേതനം) ധനവകുപ്പിന്റെ കൂടി അനുമതിയോടെ നൽകാൻ തീരുമാനിച്ചു. ഡോക്ടർമാരെ ജില്ലാതലത്തിൽ ജില്ലാകളക്ടർ, ജില്ലാ മെഡിക്കൽ ഓഫീസർ ജില്ലാ പ്രോഗ്രാം മാനേജർ (NHM)എന്നിവരടങ്ങുന്ന കമ്മിറ്റി ഇന്റർവ്യൂ നടത്തി എടുക്കേണ്ടതാണ്. അതാതു തദ്ദേശഭരണ സ്ഥാപനത്തിൽ പ്രത്യേകമായി

ഇന്റർവ്യൂ ചെയ്ത് ഡോക്ടർമാരെ എടുക്കാവുന്നതല്ല. പി.എച്ച്.സി/സി.എച്ച്.സി.യുടെ പ്രവർത്തനം രാവിലെ 8.00 മണിമുതൽ 1.00 മണിവരെയും ഉച്ചകഴിഞ്ഞ് 1.00 മണി മുതൽ 6.00 മണിവരെയും ആക്കുന്നതിന്റെ ഭാഗമായി മാത്രമേ അധികമായി ഡോക്ടർമാരേയും നേഴ്സുമാരേയും താൽക്കാലികാടിസ്ഥാനത്തിൽ നിയമിക്കാവൂ. ഇതു കൂടാതെ താലൂക്കാശുപത്രിയിലും ആവശ്യമെങ്കിൽ ഒരു ഡോക്ടറേയും പാരാമെഡിക്കൽ സ്റ്റാഫിനേയും നിയമിക്കാവുന്നതാണ്. ഇതിന്മേലുള്ള ഉത്തരവ് ഉടനെ ഇറക്കും.

നടപടി :- 1) തദ്ദേശസ്വയംഭരണ (ഡി.ബി. ) വകുപ്പ്

**ഖണ്ഡിക 3.14**

തദ്ദേശഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്ത് നടപ്പാക്കുന്ന ഇലക്ട്രിക്കൽ പ്രോജക്ടുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും സാങ്കേതികാനുമതി നൽകുന്നതിനും മറ്റുമായി ജില്ലാതലത്തിൽ ഒരു കമ്മിറ്റി രൂപീകരിക്കുന്നതിന് 13.09.2017-ലെ 3036/2017/ തസ്വഭവ നമ്പറായി സർക്കാർ അനുമതി നൽകി ഉത്തരവായിട്ടുണ്ട്. എല്ലാ ജില്ലകളിലും ഈ കമ്മിറ്റി രൂപീകരിക്കാൻ വേണ്ട അടിയന്തിര നടപടി ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ സ്വീകരിക്കണം. ഏതെങ്കിലും ജില്ലയിൽ യോഗ്യരായ എഞ്ചിനീയർമാർ ഇല്ലായെങ്കിൽ സമീപ ജില്ലയിൽ രൂപീകരിച്ചിരിക്കുന്ന കമ്മിറ്റിയെ മുകളിൽ പറഞ്ഞ ചുമതല ഏൽപ്പിക്കാവുന്നതാണ്.

നടപടി :- 1) തദ്ദേശസ്വയംഭരണ (ഇ.ഡബ്ല്യൂ) വകുപ്പ്
2) എല്ലാ ജില്ലാ കളക്ടർമാരും
3) എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാരും
3) ചീഫ്, ഡി.പി. ഡിവിഷൻ, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്

**ഖണ്ഡിക 4.8**

**ചിങ്ങോലി ഗ്രാമപഞ്ചായത്തിലെ 3, 9 എന്നീ വാർഡുകളിലെ മെമ്പർമാർ നൽകിയ കത്ത് .**

2018-19-ലെ പദ്ധതി ആസൂത്രണ നടപടിക്രമങ്ങളിൽ പിഴവുകൾ സംഭവിച്ചിട്ടുണ്ടെന്നും 3, 9 വാർഡുകളിൽ വികസന പ്രോജക്ടുകൾ എടുത്തിട്ടില്ലെന്നും അറിയിച്ചിരിക്കുന്നു. ഇതു പരിശോധിച്ച് സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ റിപ്പോർട്ട് അടുത്ത കോഓർഡിനേഷൻ കമ്മിറ്റിക്കു മുമ്പ് നൽകണം

നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്
2) കേരള സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ

**ഖണ്ഡിക 4.30**

**ബഹു. കടുത്തുരുത്തി എം.എൽ.എ.യുടെ 16.05.2018-ലെ കത്തും ഉഴവൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 16.05.2018-ലെ C - 70/18-ാം നമ്പർ കത്തും 11.05.2018-ലെ 4-ാം നമ്പർ ഭരണ സമിതി തീരുമാനവും**

ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ വരുന്ന 8 ഗ്രാമഞ്ചായത്തുകളിൽ നിന്നും പ്ലാസ്റ്റിക് ശേഖരിച്ച് പൊടിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ 42.00 ലക്ഷം രൂപ മുടക്കി പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് സ്ഥാപിച്ചിട്ടുണ്ട്. ഇതിന്റെ ആവർത്തന ചെലവിനും വേതനം നൽകുന്നതിനും ബ്ലോക്ക് പഞ്ചായത്തിന് വയബിലിറ്റിഗ്യാപ് ഫണ്ട് വകയിരുത്താൻ അനുമതി സംബന്ധിച്ച്. ഷ്രെഡു ചെയ്ത പ്ലാസ്റ്റിക്കിൽ നിന്നും കിട്ടുന്ന

വരുമാനം ചെലവ് എന്നിവയടക്കം മറ്റു വിവരങ്ങൾ നൽകിയിട്ടില്ല. ഇതു സംബന്ധിച്ച വിവരങ്ങൾ അടുത്ത കോഓർഡിനേഷൻ കമ്മിറ്റിക്കു മുൻപ് ശുചിത്വ മിഷൻ നൽകണം.

നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്
2) എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ

**ഖണ്ഡിക 4.35**

**എറണാകുളം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 17.04.2018-ലെ DP -15-1283/18-ാം നമ്പർ കത്ത് .**

പട്ടികജാതി വിഭാഗത്തിൽപ്പെട്ട ശ്രീ.സനൽ എം.ആർ, മുപ്പേലിപ്പറത്ത്, മലയാറ്റൂർ.പി.ഒ എന്ന ആൾ ഓസ്ട്രേലിയയിൽ Key 2 Learning Canberra Technoogy Park -ൽ ഹെൽത്ത് ആന്റ്കമ്മ്യൂണിറ്റി സർവ്വീസ് പ്രോഗ്രാം എന്ന കോഴ്സിന് സഹായം നൽകുന്നതിന് അനുമതി സംബന്ധിച്ച്. 2 വർഷ കോഴ്സാണ്. 20.00 ലക്ഷം രൂപയാണ് പഠന ചെലവ്. സർട്ടിഫിക്കറ്റ്/ഡിപ്ലോമ കോഴ്സാണ്. മറ്റു വിശദാംശങ്ങൾ നൽകിയിട്ടില്ല. പട്ടിക ജാതി വികസന വകുപ്പ് ഡയറക്ടർ മുഖേന മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ അഭിപ്രായമാരാഞ്ഞ് പിന്നീട് തീരുമാനിക്കും. പട്ടിക ജാതി വികസന വകുപ്പ് ഡയറക്ടർ കാലതാമസം ഒഴിവാക്കി അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ തന്നെ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ റിപ്പോർട്ട് നൽകണം.

നടപടി:- നടപടി:- 1) തദ്ദേശസ്വയംഭരണ(ഡി.ബി)വകുപ്പ്
2) പട്ടികജാതി വികസന ഡയറക്ടർ

## 3. പൊതു വിഷയങ്ങൾ

=================

3.1 തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിലെ പ്രോജക്ടുകളും മറ്റു വിഷയങ്ങളും കോഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതിക്കായി സമർപ്പിക്കുന്നതിന് താഴെപ്പറയുന്ന നടപടിക്രമങ്ങൾ പാലിക്കണമെന്ന് യോഗം തീരുമാനിച്ചു.

(i) വാർഷിക പദ്ധതിയിലെ പ്രോജക്ടുകളുടെ അംഗീകാരം സംബന്ധിച്ച് ആസൂത്രണ സമിതി തീരുമാനമെടുത്തശേഷം അതിന്മേൽ തദ്ദേശഭരണ സ്ഥാപനത്തിന് പരാതി ഉണ്ടെങ്കിൽ അങ്ങനെയുള്ള പരാതികൾ പരിഹരിക്കുന്നതിന് കോഓർഡിനേഷൻ കമ്മിറ്റിയിലേയ്ക്ക് സമർപ്പിക്കാവുന്നതാണ്. എന്നാൽ ഇങ്ങനെ ലഭിക്കുന്ന പരാതികളോടൊപ്പം ആവശ്യമായ വിവരങ്ങൾ പലപ്പോഴും ഉൾപ്പെടുത്താത്തതു കാരണം കോഓർഡിനേഷൻ കമ്മിറ്റി/ സർക്കാർ തലത്തിൽ തീരുമാനമെടുക്കുന്നതിന് കാലതാമസ മുണ്ടാകുന്നുണ്ട്. ഈ സാഹചര്യത്തിൽ കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്കായി പ്രോജക്ടുകൾ/ മറ്റുള്ളവ സമർപ്പിക്കുന്നതിന് ചുവടെ വിവരിക്കുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

(ii) ജില്ലാആസൂത്രണസമിതികളുടെ/അപ്പലേറ്റ് കമ്മിറ്റി തുടങ്ങിയവയുടെ അംഗീകാര വുമായി ബന്ധപ്പെട്ട് ഒരു തദ്ദേശഭരണ സ്ഥാപനത്തിന് പരാതി ഉണ്ടെങ്കിൽ

അങ്ങനെയുള്ള പരാതികൾ ജില്ലാ ആസൂത്രണ സമിതി സെക്രട്ടേറിയറ്റ് മുഖേന (ജില്ലാ പ്ലാനിംഗ് ഓഫീസ്) മാത്രമേ സർക്കാരിലേയ്ക്ക് അയയ്ക്കാൻ പാടുള്ളൂ . പൊതു വിഷയങ്ങളും വളരെ അടിന്തിര സ്വഭാവമുള്ള വിഷയങ്ങളുമല്ലാതെയുള്ളവ ജില്ലാ ആസൂത്രണസമിതി സെക്രട്ടറിയേറ്റിന്റെ റിപ്പോർട്ട് കൂടാതെ കോഓർഡിനേഷൻ കമ്മിറ്റിയിൽ പരിഗണിക്കുന്നതല്ല. കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്കായി തദ്ദേശഭരണ സ്ഥാപനങ്ങൾ ജില്ലാ പ്ലാനിംഗ് ഓഫീസിൽ നൽകുന്നവ പ്രത്യേക പരിഗണന നൽകി കാലതാമസമൊഴിവാക്കി 7 ദിവസത്തിനകം തദ്ദേശസ്വയംഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിക്ക് നൽകണം. കത്തുകളുടേയും പരിശോധനാ റിപ്പോർട്ടിന്റേയും സ്കാൻ ചെയ്ത പകർപ്പ് srglsgdcc@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ അയയ്ക്കണം. (ഫോൺ.നം.0471-2534826). കൂടാതെ പ്രോജക്ടിന്മേൽ/തദ്ദേശഭരണ സ്ഥാപന ങ്ങളുടെ കത്തിന്മേൽ ജില്ലാ പ്ലാനിംഗ് ഓഫീസിൽ നിന്ന് ഏതെങ്കിലും റിപ്പോർട്ട് എസ്.ആർ.ജി.യിൽ നിന്ന് ആവശ്യപ്പെടുകയാണെങ്കിൽ അത്തരം വിശദാംശങ്ങളും 7 ദിവസത്തിനകം തന്നെ മുകളിൽ പറഞ്ഞ ഇ- മെയിലിൽ അയയ്ക്കേണ്ടതാണ്.

കാലതാമസം ഒഴിവാക്കി പെട്ടെന്ന് തീരുമാനമെടുക്കേണ്ട വിഷയ ങ്ങളാണ് കോഓർഡിനേഷൻ കമ്മിറ്റിയിൽ വരുന്നതെന്നതിനാൽ ഇക്കാര്യത്തിൽ ജില്ലാ പ്ലാനിംഗ് ഓഫീസർമാർ പ്രത്യേക ശ്രദ്ധ നൽകേണ്ടതാണ്. ജില്ലാ പ്ലാനിംഗ് ഓഫീസ് മുഖേനയല്ലാതെ ലഭിക്കുന്ന കത്തുകൾ റിപ്പോർട്ടിന് ജില്ലയിലേയ്ക്ക് അയക്കേണ്ടി വരുമെന്നതിനാൽ കാലതാമസമുണ്ടാകും. അതിനാൽ ആദ്യമെ തന്നെ ജില്ലാ പ്ലാനിംഗ് ഓഫീസ് മുഖേന കത്തുകൾ/ ആവശ്യങ്ങൾ കോഓർഡിനേഷൻ കമ്മിറ്റിയിലേയ്ക്ക് നൽകേണ്ടതാണ്.

(iii) നൂതന പ്രോജക്ടുകൾ സംബന്ധിച്ച് സർക്കാരിന്റെ അനുമതി ആവശ്യമുണ്ടെങ്കിൽ അവയോടൊപ്പം ബന്ധപ്പെട്ട ജില്ലാതല കമ്മിറ്റിയുടെ അഭിപ്രായകുറിപ്പ് കൂടി ഉള്ളടക്കം ചെയ്യണം.

(iv) പ്രോജക്ടിന്റെ നിർവ്വഹണം സംബന്ധിച്ച ഓഡിറ്റ് കുറിപ്പിന്മേൽ അപ്പീൽ ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതിക്ക് സമർപ്പിക്കേണ്ടതാണ്. ഈ സമിതിയുടെ തീരുമാനത്തിന്മേൽ അപ്പീൽ ഉണ്ട് എങ്കിൽ അവ വകുപ്പുതലത്തിൽ തീരുമാനത്തിനു നൽകണം. ഇവ കോഓർഡിനേഷൻ കമ്മിറ്റിയിൽ അംഗീകാര ത്തിനു പരിഗണിക്കുന്നതല്ല.

(v) ജനകീയാസൂത്രണ പദ്ധതിയുമായല്ലാതെ വകുപ്പുതലത്തിൽ നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ (ഉദാ.പഞ്ചായത്ത് ഓഫീസിനു വാഹനം വാങ്ങൽ) കോഓർഡിനേഷൻ കമ്മിറ്റിയ്ക്കു സമർപ്പിക്കേണ്ടതില്ല. ഇവ വകുപ്പുതലത്തിൽ തീരുമാനത്തിനു സമർപ്പിക്കണം.

(vi) ഒരു വിഷയത്തിന്മേൽ കോഓർഡിനേഷൻ കമ്മിറ്റി ചർച്ച ചെയ്ത് തീർപ്പാക്കിയത് പ്രത്യേക സാഹചര്യമില്ലാത്തപക്ഷം വീണ്ടും സമർപ്പിക്കുവാൻ പാടില്ല. ഇത്തരം വിഷയങ്ങൾ കോഓർഡിനേഷൻ കമ്മിറ്റിയിൽ പരിഗണിക്കുന്നതല്ല

(vii) ഒരു വിഷയം കോഓർഡിനേഷൻ കമ്മിറ്റി പരിഗണിക്കുമ്പോൾ കൂടുതൽ വിവരങ്ങളോ റിപ്പോർട്ടോ ആവശ്യമായി വരുന്ന പക്ഷം അവ അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ പരിഗണിക്കുന്നതിന് 5 ദിവസത്തിനകം ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ/വകുപ്പ് മേധാവി നൽകേണ്ടതാണ്.

നടപടി:- 1) തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്
2) ചീഫ് , ഡി.പി. ഡിവിഷൻ , സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്

3.2 സംസ്ഥാനത്ത് ചില പ്രദേശങ്ങളിൽ മരാമത്ത് പ്രവൃത്തികൾക്കാവശ്യമായ സാധന സാമഗ്രികളുടെ കുറവ് അനുഭവപ്പെടുന്നുണ്ട്. സർക്കാർ നിരക്കിനേക്കാൾ കൂടുതലാണ് മാർക്കറ്റ് റേറ്റ്. ഇത് നിർമ്മാണ പ്രവൃത്തിയെ ബാധിക്കുന്നുണ്ട്. ഇത്തരം പ്രദേശങ്ങൾക്ക് പ്രത്യേക നിരക്ക് അനുവദിക്കണമെന്ന ആവശ്യം യോഗം ചർച്ച ചെയ്തു.

വയനാട്, ഇടുക്കി ജില്ലകളുടെ ചില പ്രദേശങ്ങൾ, ആലപ്പുഴ ജില്ലയിൽ കുട്ടനാട് പ്രദേശം, വൈപ്പിൻ എന്നിവിടങ്ങളിലാണ് ഈ പ്രശ്നം നിലനിൽക്കുന്നതെന്ന് യോഗം വിലയിരുത്തി. ഇവ വിശദമായ പരിശോധനയ്ക്കുശേഷം ധനവകുപ്പിന്റെ ശുപാർശയോടെ കാബിനറ്റിന്റെ പരിഗണനയ്ക്ക് നൽകാൻ തീരുമാനിച്ചു.

ഇതിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി , ധനവകുപ്പ് സെക്രട്ടറി , പി.ഡബ്ല്യു.ഡി. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ, ചീഫ് ടൗൺ പ്ലാനർ എന്നിവരുടെ യോഗം ചേർന്ന് നിർദ്ദേശം തയ്യാറാക്കാൻ യോഗം തീരുമാനിച്ചു. ഇതിന് ആവശ്യമായ റിപ്പോർട്ട് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ തയ്യാറാക്കേണ്ടതാണ്.

നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

3.3 പുതുതായി രൂപീകരിച്ച നഗരസഭകൾക്ക് അടിസ്ഥാന വികസനത്തിനായി സർക്കാർ പ്രത്യേക ഗ്രാന്റായി 1.00 കോടി രൂപ അനുവദിച്ചിരുന്നു. ശ്രീകണ്ഠപുരം നഗരസഭയടക്കം പല നഗരസഭകളും ഇതിന് പ്രോജക്ട് തയ്യാറാക്കിയെങ്കിലും എഗ്രിമെന്റ് വച്ച് നിർവ്വഹണം ആരംഭിക്കുകയോ തുക ചെലവഴിക്കുകയോ ചെയ്തില്ല. ഇങ്ങനെ തുക ചെലവഴിക്കാതെ ലാപ്സായ നഗരസഭകൾക്ക് അധിക തുകയായി ഗ്രാന്റ് നൽകണമെന്ന് ധനവകുപ്പിനോടാവശ്യപ്പെടാൻ യോഗം തീരുമാനിച്ചു. ഇതിന്റെ വിശദാംശങ്ങൾ തയ്യാറാക്കി നൽകാൻ നഗരകാര്യ ഡയറക്ടറെ ചുമതലപ്പെടുത്തി.

നടപടി:- 1) തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്
2) നഗരകാര്യ ഡയറക്ടർ

3.4 വാഹന ഗതാഗത സൗകര്യം ഇല്ലാത്ത പട്ടികവർഗ്ഗ സങ്കേതങ്ങളിൽ (പട്ടികവർഗ്ഗ വിഭാഗക്കാർക്ക്) വീട് നിർമ്മാണം, കിണറിന് ചുറ്റുമതിൽ, കക്കൂസ് നിർമ്മാണം തുടങ്ങിയവയ്ക്ക് സാധന സാമഗ്രികൾ കൊണ്ടു പോകുന്നതിന് ചെലവ് കൂടുതലാണ്.

ഇത്തരം പ്രദേശത്ത് വീട് നിർമ്മാണം പോലുള്ളവയ്ക്ക് സാധന സാഗ്രികൾ കൊണ്ടുപോകുന്നതിന് പ്രത്യേക കൺവേയൻസ് ചാർജ്ജ് നൽകണമെന്ന ആവശ്യം സംബന്ധിച്ച് യോഗം ചർച്ച ചെയ്തു.
പട്ടികവർഗ്ഗ വിഭാഗത്തിന് ഭവനനിർമ്മാണത്തിന് യഥാർത്ഥ ചെലവ് നൽകുന്നു എന്നതിനാൽ ഇതു പരിഗണിച്ചില്ല.

നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.ബി ) വകുപ്പ്

3.5 സ്പിൽ ഓവർ കൂടി ഉൾപ്പെടുത്തി 2018-19-ലെ വാർഷിക പദ്ധതി അന്തിമമാക്കി ജില്ലാ ആസൂത്രണസമിതിക്ക് സമർപ്പിക്കാനുള്ള അവസാന തീയതി 30.06.2018 വരെ ആക്കാൻ തീരുമാനിച്ചു. സമയപരിധി ഇനി ദീർഘിപ്പിക്കുന്നതല്ല.

നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

## 4. പ്രത്യേക വിഷയങ്ങൾ

====================

### 4.1 ലൈഫ് മിഷൻ എക്സിക്യൂട്ടീവ് ഓഫീസറുടെ 22.05.2017-ലെ LF 5/511/2017-ാം നമ്പർ കത്ത്.

ലൈഫ് മിഷൻ പദ്ധതിയിൽ വീട് നിർമ്മാണത്തിന് ആവശ്യമായ സാധന സാമഗ്രികൾ ലഭ്യമാക്കുന്നതിന് ദേശീയ തൊഴിലുറപ്പ് പദ്ധതിയും കുടുംബശ്രീ മിഷനും സംയോജിപ്പിച്ച് സാമഗ്രി നിർമ്മാണ യൂണിറ്റ് ആരംഭിക്കുന്നതിനും ശുചിത്വ മിഷനുമായി യോജിച്ച് വ്യക്തിഗത ടോയ് ലറ്റ് നിർമ്മിക്കുന്നതിനും അനുമതി സംബന്ധിച്ച്.

(i) സാധന സാമഗ്രികൾ നിർമ്മിച്ചു നൽകാൻ നിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കാനുദ്ദേശിക്കുന്നു. നിർമ്മാണ യൂണിറ്റിന് വർക്ക് ഷെഡ് ആന്റ് വാട്ടർ ടാങ്ക്, ഹൈഡ്രോളിക് മെഷീൻ കം വൈബ്രേറ്റർ, ഇലക്ട്രിഫിക്കേഷൻ, കിണർ, പമ്പ്സെറ്റ് മറ്റു അനുബന്ധ സൗകര്യങ്ങൾ എന്നിവ ഒരുക്കണം. ഇതിനായി വികസന ഫണ്ട്, തനത് ഫണ്ട്,കുടുംബശ്രീ ഫണ്ട് MGNREGS ഫണ്ട് എന്നിവ ഉപയോഗിക്കാനാണ് ലക്ഷ്യമിടുന്നത്. ഉല്പാദിപ്പിക്കുന്ന സാധന സാമഗ്രികൾ ലൈഫ് ഗുണഭോക്താക്കൾക്ക് സൗജന്യമായി നൽകാനാണ് ഉദ്ദേശിക്കുന്നത്. ഇതിന് അനുമതി സംബന്ധിച്ച്.

**തീരുമാനം :-** വ്യക്തമായ കർമ്മ പരിപാടിയോടെ ജില്ലാ പഞ്ചായത്തോ കോർപ്പറേഷനോ ഇതിനായി പ്രോജക്ട് തയ്യാറാക്കി നടപ്പാക്കാവുന്നതാണ്. കൂടാതെ ബ്ലോക്ക് തലത്തിലും ഇത്തരം യൂണിറ്റ് സ്ഥാപിക്കാവുന്നതാണ്. എന്നാൽ ഇത്തരം യൂണിറ്റുകൾ സ്ഥായിയായി നിലനിൽക്കുന്നതാണ് എന്ന് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനം ഉറപ്പു വരുത്തണം.

(ii) വനിതകളെ ഉൾപ്പെടുത്തിയാണ് മുകളിൽ പറഞ്ഞവ നടപ്പാക്കുന്നതെങ്കിൽ ഇത്തരം യൂണിറ്റുകൾക്കുള്ള പ്രോജക്ടുകൾ വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്താൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നൽകുന്നു

(iii) കക്കൂസ് നിർമ്മാണത്തിന് ഗ്രാമീണ മേഖലയിൽ 12,000/- രൂപയും നഗരപ്രദേശങ്ങളിൽ 15,400/-രൂപയുമാണ് യൂണിറ്റ് നിരക്ക് ഉദ്ദേശിക്കുന്നത്. ശുചിത്വ പരിപാടിക്ക് മാറ്റി വച്ചിരിക്കുന്ന 10 ശതമാനം തുകയിൽ നിന്ന് ഇത് ഉപയോഗിക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. ഈ ചെലവ് വീട് നിർമ്മാണത്തിന് നൽകുന്ന 4.00 ലക്ഷം രൂപയ്ക്ക് ഉപരിയായി നൽകണ മെന്നതു സംബന്ധിച്ച്

**തീരുമാനം :-** തെരഞ്ഞെടുക്കപ്പെട്ട 195 തദ്ദേശഭരണ സ്ഥാപന ങ്ങളിൽ MGNREGS വിഹിതം ഇതിനായി ഉപയോഗി ക്കേണ്ടതാണ്. PMAY (ഗ്രാമീൺ) വിഹിതവും കക്കൂസ് നിർമ്മാണത്തിന് ഉപയോഗിക്കാവുന്നതാണ്. തദ്ദേശ ഭരണ സ്ഥാപനങ്ങൾ ശുചിത്വ മേഖലയ്ക്ക് മാറ്റി വച്ചിരിക്കുന്ന വിഹിതത്തിൽ നിന്ന് അനിവാര്യ ശുചിത്വ പ്രവർത്തനത്തിനുശേഷം ആവശ്യമെങ്കിൽ കക്കൂസ് നിർമ്മാണത്തിന് ഉപയോഗിക്കാവുന്നതാണ്.

നടപടി:- 1)തദ്ദേശസ്വയംഭരണ (ഡി.ബി ) വകുപ്പ്

**4.2 കല്ലറ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 26.05.2018-ലെ A4-4584/2018-ാം നമ്പർ കത്ത്**

2016-17-ൽ കുടിവെള്ള പൈപ്പ് ലൈൻ നീട്ടുന്നതിനും ഗാർഹിക കണക്ഷൻ നൽകുന്നതിനുമായി പൊതു വിഭാഗത്തിലും എസ്.സി.എസ്.പി. വിഭാഗത്തിലുമായി ഫണ്ടു വകയിരുത്തി (യഥാക്രമം 21.00 ലക്ഷം രൂപ, 18,03,955/- രൂപ) തുക കേരള വാട്ടർ അതോറിട്ടിയിൽ ഡെപ്പോസിറ്റ് ചെയ്തിരുന്നു. ഈ തുകയിൽ ആകെ 10,59,597/- രൂപ മിച്ചമുണ്ട്. (എസ്.സി.എസ്.പി - 5,40,945/- രൂപ, പൊതു വിഭാഗം 5,18,652/- രൂപ). ഈ തുക ഉപയോഗിച്ച് പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്നതിന് പ്രോജക്ട് തയ്യാറാക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** കേരള വാട്ടർ അതോറിട്ടിയിൽ നിന്ന് ഫണ്ട് തിരികെ ലഭിച്ചിട്ടില്ലെങ്കിൽ ഈ തുക ഉപയോഗിച്ച് അധിക പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകുന്നു. ഈ തുക മറ്റ് വിഹിതം/തനത്ഫണ്ട് ഗണത്തിൽ കണക്കാക്കി പ്രോജക്ട് തയ്യാറാക്കേണ്ടതാണ്. എന്നാൽ എസ്.സി. എസ്.പി.യിൽ നിന്നുള്ള മിച്ചം തുക പട്ടികജാതി വിഭാഗക്കാർക്ക തന്നെ ഉപയോഗിക്കണം

നടപടി:- 1)തദ്ദേശസ്വയംഭരണ (എഫ്.എം )വകുപ്പ്

**4.3 തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 08.05.2018-ലെ DP TVPM/Psdt./565/18-ാം നമ്പർ കത്ത്.**

ജില്ലയിലെ 26 ജില്ലാപഞ്ചായത്ത് ഡിവിഷനുകളിലെ തെരഞ്ഞെടുത്ത ഓരോ ഹൈസ്കൂളിൽ വാഹനം വാങ്ങുന്നതിന് തനത് ഫണ്ട് ഉപയോഗിച്ച് 3.90 കോടി രൂപ

ഉൾപ്പെടുത്തി 2018-19-ൽ പ്രോജക്ട് ഉൾപ്പെടുത്തിയിരുന്നു (പ്രോ.നം. 413/2018/ പേര് സാരഥി - സർക്കാർ സ്കൂളിലേയ്ക്ക് വാഹന സൗകര്യമൊരുക്കൽ). ഇതിന് DPC അംഗീകാരം നൽകിയിരുന്നില്ല. പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച് .

**തീരുമാനം :-** പ്രത്യേക അനുമതി നൽകുന്നു. എന്നാൽ ഡ്രൈവറുടെ വേതനം, ഇന്ധന ചെലവ് എന്നിവയടക്കമുള്ള ആവർത്തന ചെലവ് ബന്ധപ്പെട്ട സ്കൂൾ.പി.റ്റി.എ വഹിക്കേണ്ടതാണ്

നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്

## 4.4 കുട്ടമ്പുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 25.05.2018-ലെ A2-1550/17-ാം നമ്പർ കത്തും 09.05.2018-ലെ 13(1) -ാം നമ്പർ ഭരണസമിതി തീരുമാനവും

*പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ഒരു അംബുലൻസ് ഉണ്ട്. ഇതിന്റെ ഡ്രൈവറുടെ 31.12.2017 വരെയുള്ള ശമ്പള കുടിശ്ശിക കോഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതിയോടെ നൽകി. തുടർന്നു ശമ്പളം നൽകിയില്ല. കുട്ടമ്പുഴ പി.എച്ച്.സി.യെ എഫ്.എച്ച്.സി.യായി ഉയർത്തിയിട്ടുണ്ട്. ഡ്രൈവറുടെ ശമ്പളം മുടക്കം കൂടാതെ എച്ച്.എം.എസി. ഫണ്ടിൽ നിന്നോ പഞ്ചായത്തു തനത് ഫണ്ടിൽ നിന്നോ നൽകാൻ അനുമതി സംബന്ധിച്ച്.*

**തീരുമാനം :-** അനുമതി നൽകുന്നു.
മാനദണ്ഡപ്രകാരമുള്ള വേതനം മുടക്കം കൂടാതെ കൃത്യമായി ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി ഫണ്ടിൽ നിന്നും നൽകുന്നുവെന്ന് കുടുംബാരോഗ്യ കേന്ദ്ര ത്തിന്റെ ഡോക്ടർ/പഞ്ചായത്ത് സെക്രട്ടറി ഉറപ്പു വരുത്തേണ്ട താണ്. ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി ഫണ്ട് ഇല്ലാത്ത അവസരങ്ങളിൽ മാത്രം ബന്ധപ്പെട്ട ഡോക്ടറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ തനത് ഫണ്ടിൽ നിന്നു നൽകാവുന്നതാണ്

നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.ബി ) വകുപ്പ്

## 4.5 തിരുവനന്തപുരം മേയറുടെ 28.04.2018-ലെ /6352/17-ാം നമ്പർ കത്ത് (LSGD-DA/467/2018-LSGD)

നഗര സഭ നടത്തുന്ന നഴ്സറി സ്കൂളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് യൂണിഫോം, കുട, പുസ്തകം എന്നിവ സൗജന്യമായി നൽകുന്നതിന് 2018-19-ൽ പ്രോജക്ട് ഉൾപ്പെടുത്തി യിരുന്നുവെങ്കിലും ജില്ലാ ആസൂത്രണസമിതി അനുമതി നിരസിച്ചു. (പ്രോ.നം. 1371/19- അടങ്കൽ 7,00,000/- രൂപ) ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** പ്രത്യേക അനുമതി നൽകുന്നു.

നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.എ ) വകുപ്പ്

**4.6വണ്ണപ്പുറം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 07.03.2018-ലെ കത്തും 05.03.2018-ല 34(1)-ാം നമ്പർ ഭരണ സമിതി തീരുമാനവും**

2015-16-ൽ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകുന്ന പ്രോജക്ട് നടപ്പാക്കി. അർഹതയുള്ള ഗുണഭോക്താക്കൾ ഇല്ലാത്തതിനാൽ ഇനിയും 9 ലാപ് ടോപ് കൂടി വിതരണം ചെയ്യാതെ മിച്ചമുണ്ട്. ഇതു കൂടി 2017-18 -ലെ ഗുണഭോക്തൃ ലിസ്റ്റിൽ ഉള്ളവർക്ക് വിതരണം ചെയ്യാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നൽകുന്നു.

നടപടി:- 1)തദ്ദേശസ്വയംഭരണ (ഡി.എ ) വകുപ്പ്

**4.7 കോഴിക്കോട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 27.04.2018-ലെ കത്ത്**

പെയിൻ ആന്റ് പാലിയേറ്റീവ് കെയർ സെന്ററുകൾ, വാർദ്ധക്യകാല ശുശ്രൂഷ എന്നീ മേഖലയിൽ തൊഴിൽ നേടാൻ സഹായകമായ ഹോം നേഴ്സിംഗ് ആന്റ് ഹെൽത്ത് കെയർ പരിശീലന പരിപാടി നടത്തുന്നതിനുള്ള സ്ഥാപനമായി കോഴിക്കോട് പ്രവർത്തിക്കുന്ന പ്രീ- റിക്രൂട്ട്മെന്റ് ട്രെയിനിംഗ് സെന്റർ (PRTC) യെ അംഗീകരിക്കണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** ഇതിന്മേൽ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ അഭിപ്രായ മാരാഞ്ഞ് റിപ്പോർട്ട് പഞ്ചായത്ത് ഡയറക്ടർ നൽകണം. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് തീരുമാനമെടുക്കും.

നടപടി:- 1)തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്
2) പഞ്ചായത്ത് ഡയറക്ടർ

**4.8 വിജയപുരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 11.04.2018-ലെ A1-10220/17-ാം നമ്പർ കത്ത് ( LSGD - DB1/332/2018- LSGD)**

പഞ്ചായത്തിലെ 17-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന കൊല്ലക്കൊമ്പ് SC കോളനിയിലെ വീടുകൾ അപകടാവസ്ഥയിൽ ആയതിനാൽ ഇവർക്ക് പുതിയ വീടുകൾ നിർമ്മിച്ചു നൽകുന്നതിനുള്ള അനുമതി സംബന്ധിച്ച്

**തീരുമാനം :-** പട്ടികജാതി വികസന ഡയറക്ടർ ഇത് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കണം. റിപ്പോർട്ടിന്റെ അടിസ്ഥാന ത്തിൽ പിന്നീട് തീരുമാനിക്കുന്നതാണ്

നടപടി:- 1)തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്

**4.9 സർക്കാർ നോട്ട് ഫയൽ നം. LSGD-RC2/388/2017/ LSGD പേജ് 3 ഖണ്ഡിക 8**

കെട്ടിട നികുതി പൂർണ്ണമായും പിരിച്ചെടുക്കുന്നതിന്റെ ഭാഗമായി കെട്ടിട നികുതി 28.02.2018-നകം അടയ്ക്കുകയാണെങ്കിൽ പലിശയും പിഴപലിശയും ഒഴിവാക്കി നൽകാൻ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനിച്ചിരുന്നു. ഇതിന്റെ അടിസ്ഥാന ത്തിൽ സർക്കാർ ഉത്തരവും നൽകി. പിന്നീട് സമയ പരിധി 31.03.2018 വരെ ദീർഘിപ്പിച്ചു നൽകിക്കൊണ്ട് 01.03.2018-ലെ 589/18 തസ്വഭവ നമ്പർ പ്രകാരം

സർക്കാർ ഉത്തരവായി. ഈ ഉത്തരവിന് സാധൂകരണം നൽകണമെന്നാവശ്യം സംബന്ധിച്ച്

**തീരുമാനം :-** സാധൂകരണം നൽകുന്നു
നടപടി:- 1) തദ്ദേശസ്വയംഭരണ (ആർ.സി)) വകുപ്പ്

**4.10 കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 30.05.2018-ലെ 82/2018-19/DPC/DPO/KNR നമ്പർ കത്തും പടിയൂർ - കല്യാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 28.05.2018-ലെ കത്തും**

സമ്പൂർണ്ണ മാലന്യ നിർമ്മാർജ്ജനത്തിന്റെ ഭാഗമായി " ആരാമം പടിയൂർ "എന്ന പ്രോജക്ട് 2018-19-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലാ ആസൂത്രണ സമിതി അംഗീകാരം നേടിയിട്ടുണ്ട്. (പ്രോ.നം. 26/19. അടങ്കൽ 11,61,458/- രൂപ) പഞ്ചായത്തിലെ മുഴുവൻ സ്കൂളുകളിലേയും കുട്ടികൾക്ക് ഉണികൊണ്ടുള്ള ബാഗും സ്റ്റീൽ വാട്ടർ ബോട്ടിലും നൽകുകയാണ് പ്രവർത്തനം. സബ്സിഡി മാർഗ്ഗരേഖയിൽ ഇത് ഉൾക്കൊള്ളിച്ചിട്ടില്ലാത്തതിനാൽ പ്രത്യേക അനുമതി സംബന്ധിച്ച്.

**തീരുമാനം :-** സമ്പൂർണ്ണ മാലിന്യ നിർമ്മാർജ്ജന പദ്ധതിയുടെ ഭാഗമായതിനാൽ പ്രത്യേക അനുമതി നൽകുന്നു.
നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

**4.11 പനങ്ങാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 19.01.2018-ലെ A1-01/16-ാം നമ്പർ കത്ത്.**

2013-14- വർഷം കാപ്പികുന്ന് കോളനി ഫുട്പാത്ത്, കിനാലൂർ മിനി ഇൻഡസ്ട്രീയൽ കെട്ടിട നിർമ്മാണം എന്നിവയക്ക് സംയുക്ത പ്രോജക്ട് എടുത്തിരുന്നു. ഗ്രാമപഞ്ചായത്ത് വിഹിതം 2.00 ലക്ഷം രൂപയും (റ്റി.എസ്.പി) ജില്ലാ പഞ്ചായത്ത് വിഹിതം 15.00 ലക്ഷം രൂപയും. ജില്ലാ പഞ്ചായത്ത് വിഹിതം ട്രഷറി VPF അക്കൗണ്ടിൽ നിക്ഷേപിച്ചു. സർക്കാർ ഉത്തരവ് പ്രകാരം VPFഅക്കൗണ്ടുകൾ നിർത്തലാക്കി . ഈ പ്രോജക്ട് 2015-16, 2017-18 വർഷങ്ങളിലായി പൂർത്തിയാക്കി. ഈ പ്രവൃത്തിയുടെ ബിൽ തുക തനത് ഫണ്ട് ഉപയോഗിച്ച് നൽകാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം:-** ബന്ധപ്പെട്ട അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ വാല്യുവേഷന്റെ അടിസ്ഥാനത്തിൽ തുക നൽകാൻ അനുമതി നൽകുന്നു.
നടപടി:- 1) തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്

**4.12 തിരുവമ്പാടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 28.05.2018-ലെ A2/6500/17 നമ്പർ കത്ത്**

2017-18 വർഷം ഗ്യാസ് ക്രിമിറ്റോറിയം സ്ഥാപിക്കുന്നതിന് താഴെപ്പറയുന്ന രണ്ടു പ്രോജക്ടുകൾക്ക് ജില്ലാ ആസൂത്രണസമിതി അനുമതി ലഭിച്ചിരുന്നു.

| ക്രമ നം | പ്രോ.നം | പ്രോജക്ടിന്റെ പേര് | തുക | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|---|
| 1 | 255/18 | ഗ്യാസ് ക്രിമിറ്റോറിയം | 12,00,000/- | അസി.എഞ്ചിനീയർ |
| 2 | 262/18 | ഗ്യാസ് ക്രിമിറ്റോറിയത്തിന് ആവശ്യമായ മെഷീനറികളും ജനറേറ്ററുകളും വാങ്ങൽ | 27,00,000/- | പഞ്ചായത്ത് സെക്രട്ടറി |

മെഷീനറിയുടെ വാങ്ങൽ അസി.എഞ്ചിനീയർ ചെയ്യില്ലാ എന്നതിനാൽ മെഷീനറിയും മറ്റും വാങ്ങാൻ പ്രത്യേക പ്രോജക്ട് തയ്യാറാക്കി. കെട്ടിട നിർമ്മാണം എഗ്രിമെന്റ് വച്ച് പൂർത്തിയാക്കി വരുന്നു. കെട്ടിട നിർമ്മാണത്തിനുശേഷമേ മെഷീനറി വാങ്ങേണ്ടതുള്ളൂ എന്നതിനാൽ മെഷീനറിക്ക് എഗ്രിമെന്റ് വച്ച് പർച്ചേസ് ഓർഡർ നൽകിയില്ല. അതിനാൽ ഈ ഘടകത്തിനുള്ള പ്രോജക്ട് സ്പിൽ ഓവർ കാറ്റഗറി 1-ൽ പ്പെടുന്നില്ല. ഇതിന് 2018-19-ലെ ബഡ്ജറ്റ് വിഹിതത്തിൽ നിന്ന് തുക നൽകേണ്ടതായി വരുന്നു. ഇതും ( മെഷീനുകളും ജനറേറ്ററും വാങ്ങലും) കാറ്റഗറി 1-ൽ ഉൾപ്പെടുത്താൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** ഭൗതികമായ ലക്ഷ്യം ഒന്നായതിനാൽ പ്രത്യേക അനുമതി നൽകുന്നു. ഈ പ്രോജക്ടിനു മാത്രമായി സുലേഖ സോഫ്റ്റ് വെയറിൽ ഇതിനുള്ള പ്രത്യേക ക്രമീകരണം നടത്തേണ്ടതാണ്.

നടപടി:-1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്
2) എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം

## 4.13 നഗരകാര്യ ഡയറക്ടറുടെ 10.05.2018-ലെ DC4/6144/2018-ാം നമ്പർ കത്തും കൈത്തറി ആന്റ് ടെക്സ്റ്റൈൽ ഡയറക്ടറുടെ 24.01.2018-ലെ H.L/C3/2790/2017-ാം നമ്പർ കത്തും

കൈത്തറി മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഒരു വീട്ടിൽ ഒരു തറി എന്ന പദ്ധതി നടപ്പാക്കുന്നു. കൈത്തറി തൊഴിലാളികളുടെ വീടിനോട് ചേർന്ന് തറി സ്ഥാപിക്കാൻ 75 ശതമാനം തുക സർക്കാർ നൽകും. 25 ശതമാനം ഗുണഭോക്താവ് വഹിക്കണമെന്നാണ് നിശ്ചയിച്ചിരിക്കുന്നത്. ഗുണഭോക്തൃ വിഹിതം നെയ്ത്തുകാർക്ക് വഹിക്കാൻ പ്രയാസമായതിനാൽ ഈ വിഹിതം തദ്ദേശഭരണ സ്ഥാപനങ്ങൾ വഹിക്കണമെന്ന് നിർദ്ദേശം നൽകണമെന്നു സംബന്ധിച്ച്.

**തീരുമാനം :-** 2018-19-ൽ ഇത്തരം പദ്ധതി വകുപ്പ് നടപ്പാക്കുന്നുവെങ്കിൽ താഴെപ്പറയുന്ന രീതിയിൽ പഞ്ചായത്ത് വിഹിതം നൽകുന്നതിന് അനുമതി നൽകുന്നു. 75% വകുപ്പും 10% തദ്ദേശഭരണ സ്ഥാപനവും 15% ഗുണഭോക്താവ്/ ബാങ്ക് വായ്പയും ഉൾപ്പെടുത്തി പദ്ധതി നടപ്പാക്കാവുന്നതാണ്.

നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.എ ) വകുപ്പ്

## 4.14 ആലപ്പുഴ നഗരസഭാ ചെയർമാന്റെ 22.05.2018-ലെ കത്ത്

i) മത്സ്യ തൊഴിലാളികൾക്ക് വല നൽകുന്നതിന് 50 ശതമാനമാണ് സബ്സിഡി നൽകുന്നത്. മത്സ്യ മേഖലയിൽ തൊഴിലും വരുമാനവും കുറഞ്ഞതിനാൽ ഈ നിരക്ക് പുനഃപരിശോധിക്കണമെന്നു സംബന്ധിച്ച്

**തീരുമാനം :-** മത്സ്യ വികസന വകുപ്പിന്റെ നിർദ്ദേശമനുസരിച്ചാണ് പുതിയ സബ്സിഡി നിരക്ക് മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തിയത്

അതിനാൽ പുനഃപരിശോധിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.എ ) വകുപ്പ്

ii) ഗുണനിലവാരമുള്ള വലകൾ വ്യാസ സ്റ്റോറിൽ ലഭ്യമല്ലാത്തതിനാൽ പുറത്തു നിന്ന് വല വാങ്ങുന്നതിന് അനുമതി സംബന്ധിച്ച്

**തീരുമാനം :-** വല വ്യാസ സ്റ്റോറിൽ നിന്നു തന്നെ വാങ്ങണമെന്ന് നിർബന്ധമില്ല.

നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.എ ) വകുപ്പ്

### 4.15 കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 21.12.2017-ലെ A4-2898/17-ാം നമ്പർ കത്ത് (LSGD - DB1/20/2018/-LSGD)

ആറളം പരിപ്പ് തോട് എന്ന സ്ഥലത്ത് 24 ഏക്കർ സ്ഥലത്ത് 24പട്ടിക വർഗ്ഗ കുടുംബങ്ങളെ 2006-07 -ൽ പുനരധിവസിപ്പിച്ചിരുന്നു. 11 വർഷം മുമ്പ് പൂർത്തീകരിച്ച ഈ വീടുകൾ വാസയോഗ്യമല്ല. ഇവ വാസയോഗ്യമാക്കി അധികമായി ഒരു മുറി കൂടി നിർമ്മിക്കുന്നതിന് 3,60,000/- രൂപ വീതം ഒരു വീടിന് ആവശ്യമാണെന്ന് ആറളം ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. ( 2017-18-ൽ 49 .00 ലക്ഷം രൂപ ഇതിനായി വകയിരുത്തി പ്രോജക്ട് തയ്യാറാക്കിയിരുന്നു). ഈ വീടുകളിൽ 11 എണ്ണം അറ്റകുറ്റപ്പണി നടത്താൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** ഇതു പരിശോധിച്ച് റിപ്പോർട്ടു നൽകാൻ എസ്. റ്റി ഡയറക്ടറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് തീരുമാനമെടുക്കുന്നതാണ്.

നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.ബി ) വകുപ്പ്

### 4.16 വെളിയംകോട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 04.06.2018-ലെ A4-2038/2018-ാം നമ്പർ കത്ത്

2017-18 വർഷം പ്രത്യേക ഘടക പദ്ധതി വിഹിതമായി 33,72,000/- രൂപയാണ് ബഡ്ജറ്റ് വിഹിതമായി ലഭിച്ചത്. ഈ വർഷം 12,62,000/- രൂപ മാത്രമാണ് പ്രത്യേക ഘടക പദ്ധതിയിൽ അനുവദിച്ചിരിക്കുന്നത്. ബഡ്ജറ്റ് തുകയിലെ ഈ അപാകത പരിഹരിക്കണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** പട്ടികജാതി വിഭാഗക്കാരുടെ ജനസംഖ്യയനുസരിച്ചാണ് ബജറ്റിൽ വിഹിതം മാറ്റി നിശ്ചയിച്ചിരിക്കുന്നതെന്ന് ധനവകുപ്പ് പ്രതിനിധി യോഗത്തിൽ അറിയിച്ചു.

നടപടി:- 1) തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്

### 4.17 പെരിന്തൽമണ്ണ നഗരസഭാ ചെയർമാന്റെ 02.06.2018-ലെ കത്ത്.

നഗരസഭയിൽ കൊതുകുകളുടെ ഉറവിട നശീകരണം (ആരോഗ്യ ജാഗ്രത) സാന്ത്വനം പാലിയേറ്റീവ് കെയർ എന്നീ പദ്ധതികൾ വർഷങ്ങളായി നടപ്പാക്കി വരുന്നു. ഇതിൽ ഏർപ്പെടുന്നവർക്ക് വേതനവും മറ്റു ചെലവുകൾക്കുമായി എല്ലാ മാസവും 1 മുതൽ 10 വരെ ട്രഷറിയിൽ ബിൽ നൽകാൻ കഴിയുന്നില്ല. അതിനാൽ പദ്ധതിക്ക് തനത് ഫണ്ട്

ചെലവഴിച്ചിട്ട് പിന്നീട് വികസനഫണ്ട് മാറി തനത് ഫണ്ടിലേയ്ക്ക് മാറ്റാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** അനുമതി നിരസിച്ചു.

നടപടി:- 1) തദ്ദേശസ്വയംഭരണ (എഫ്.എം ) വകുപ്പ്

**4.18 കോട്ടയ്ക്കൽ നഗരസഭാ ചെയർമാന്റെ 22.05.2018-ലെ Po/13189/14-ാം നമ്പർ കത്തും 26.04.2018-ലെ 14-ാം നമ്പർ ഭരണ സമിതി തീരുമാനവും**

നഗരസഭ ഭവനശ്രീ പദ്ധതി പ്രകാരം 160 കുടുംബങ്ങൾക്ക് വീടു വയ്ക്കുന്നതിന് പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ട്. ധനസഹായം ലഭിക്കാൻ വൈകിയതിനാൽ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിരുന്ന ശ്രീ. പ്രഭാകരൻ കാഞ്ഞിരത്തിങ്കൽ, അബ്ദുൾ മജീദ് പരവയ്ക്കൽ, ഹാജറ പരിയാരത്ത് എന്നിവർ എഗ്രിമെന്റ് വയ്ക്കുന്നതിന് മുമ്പ് വീട് നിർമ്മാണം പൂർത്തിയാക്കി നഗരസഭയിൽ നിന്ന് വീട് നമ്പറും വാങ്ങി. ഇവർക്ക് കൂടി ധനസഹായം നൽകാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** ഇവർ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടവരാണെന്ന് ഉറപ്പാക്കി ബന്ധപ്പെട്ട എഞ്ചിനീയറുടെ വാല്യുവേഷന്റെ അടിസ്ഥാനത്തിൽ മാനദണ്ഡ പ്രകാരമുള്ള പരിധിക്കു വിധേയമായി തുക നൽകാവുന്നതാണ്..

നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.സി ) വകുപ്പ്

**4.19 തിരുവള്ളൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെ 29.05.2018-ലെ കത്തും കോഓർഡിനേഷൻ കമ്മിറ്റിയുടെ 05.03.2018-ലെ മിനിട്സും (ഖണ്ഡിക 4.33)**

2013-14-ൽ ആരംഭിച്ച ഇ.എം.എസ്. ഭവന പദ്ധതിയിൽ ഇനിയും ഗഡു നൽകാനുള്ളവർക്ക് ശേഷിക്കുന്ന ഭാഗത്തിന്റെ പൂർത്തീകരണത്തിന് ലഭിച്ചിട്ടുള്ള വായ്പ തുക ഉപയോഗിച്ച് ഫണ്ട് നൽകാൻ 05.03.2018-ലെ കോഓർഡിനേഷൻ കമ്മിറ്റി അനുമതി നൽകിയിരുന്നു. എന്നാൽ ഗുണഭോക്താക്കൾ ഭവന നിർമ്മാണം 2018 മാർച്ച് മാസത്തിനകം പൂർത്തിയാക്കിയതിനാൽ തുക നൽകാൻ കഴിയില്ല എന്ന് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ അറിയിച്ചിട്ടുണ്ട്. അതിനാൽ ധനസഹായം നൽകാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** (i) ശേഷിക്കുന്ന ഭാഗത്തിന്റെ പൂർത്തീകരണത്തിന് ധനസഹായം നൽകാനാണ് കോഓർഡിനേഷൻ കമ്മിറ്റി അനുമതി നൽകിയത്. അതായത് ഇതിനകം പൂർത്തീകരിക്കപ്പെട്ട വീടുകൾക്ക് ഇനി നൽകേണ്ട അർഹതപ്പെട്ട ഗഡു അനുവദിക്കാം. ഗുണഭോക്തൃ ലിസ്റ്റിലെ അർഹരായവർക്ക് അർഹതപ്പെട്ട ഗഡു നൽകേണ്ടതാണ്.

(ii) കോഓർഡിനേഷൻ കമ്മിറ്റി തീരുമാനങ്ങൾ ദുർ വ്യാഖ്യാനം ചെയ്ത് അനാവശ്യമായ ഇത്തരം തടസ്സങ്ങൾ നിർവഹണ ഉദ്യോഗസ്ഥൻ ഉന്നയിക്കുന്നത് ശരിയല്ല എന്ന് യോഗം നിരീക്ഷിച്ചു.

നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്

**4.20ചിറക്കര ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 23.04.2018-ലെ C2/6207/18-ാം നമ്പർ കത്ത്.**

2017-18 വർഷം SC വിഭാഗത്തിൽ ഉൾപ്പെട്ട വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകുന്ന പദ്ധതിയിൽ ദിൽ ജിത്ത്, മിഥുന മോഹൻ, ശ്രീലക്ഷ്മി എന്നീ വിദ്യാർത്ഥികൾ നിശ്ചിത സമയത്ത് അർഹതാ രേഖകൾ ഹാജരാക്കിയില്ല. ഗ്രാമസഭാ ലിസ്റ്റിൽ ഇവർ ഉൾപ്പെട്ടിരുന്നു. ഈ വർഷം അവർ കോഴ്സ് പൂർത്തിയാക്കുന്നു. ഇവർക്ക് കൂടി ലാപ് ടോപ് നൽകാൻ അനുമതി സംബന്ധിച്ച് .

**തീരുമാനം :-** മറ്റ് മാനദണ്ഡങ്ങൾ പാലിക്കുന്നുവെങ്കിൽ ഇവർക്ക് കൂടി ലാപ് ടോപ് നൽകുന്നതിന് അനുമതി നൽകുന്നു

നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

**4.21 പനത്തടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 26.02.2018-ലെ SC1-55/2018-ാം നമ്പർ കത്ത്.**

2016-17ൽ പഞ്ചായത്തിൽ നിന്നും 21 പേർ പട്ടികവർഗ്ഗ വികസന വകുപ്പ് മാലക്കല്ല് ഓഫീസിൽ വിവാഹധനസഹായത്തിന് അപേക്ഷ നൽകിയിരുന്നു. ഇവർ നിശ്ചിത സമയത്ത് പഞ്ചായത്തിൽ അപേക്ഷ നൽകിയിരുന്നില്ല. ഫണ്ടില്ലാത്തതിനാൽ പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്ന് ധനസഹായം നൽകിയില്ല. ഇവർക്ക് ധനസഹായം നൽകാൻ 2017-18ൽ പ്രോജക്ട് തയ്യാറാക്കിയിരുന്നു. ധനസഹായം നൽകാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** ഇരട്ടിപ്പില്ലെന്ന് ഉറപ്പാക്കി ധനസഹായം നൽകാൻ അനുമതി നൽകുന്നു

നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

**4.22 കയ്യൂർ-ചീമേനി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 16.02.2018-ലെ KCGP/PR/11/18-ാം നമ്പർ കത്ത്. (LSGD-DA1/261/2018/LSGD)**

പട്ടികജാതി വിഭാഗത്തിൽപ്പെട്ട ശ്രീമതി സോമലതയുടെ വിവാഹം 06.03.2016-നു കഴിഞ്ഞുവെങ്കിലും നിശ്ചിത ദിവസം കഴിഞ്ഞാണ് വിവാഹ ധനസഹായത്തിന് അപേക്ഷ നൽകിയത്. അപേക്ഷകയുടെ മാതാവ് അന്തരിച്ചതിനാലും പിതാവ് പുനർവിവാഹിതനായതിനാലും വധു നേരിട്ടാണ് അപേക്ഷ നൽകിയത്. ഇവർക്ക് കൂടി 2016- 17 -ലെ സ്പിൽ ഓവർ തുകയിൽ നിന്ന് ധനസഹായം നൽകാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** 2016-17-ലെ പ്രോജക്ടായതിനാൽ 2018-19-ലെ ബഡ്ജറ്റ് വിഹിതത്തിൽ നിന്ന് തുക നൽകാൻ അനുമതി നൽകുന്നു.

നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.എ ) വകുപ്പ്

**4.23 നന്നമ്പ്ര ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെ 30.1.2018-ലെ A7-4705/2010/2010 നമ്പർ കത്ത് (LSGD - DA1/264/2018- LSGD)**

ശ്രീമതി. നബീസു എന്ന ആൾ മകളുടെ വിവാഹത്തിന് ''വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം'' എന്ന പദ്ധതിയിൽ 11.08.2010-ൽ

അപേക്ഷ നൽകിയിരുന്നു. വിവാഹം നടന്നത് 11.07.2010-ൽ. ബന്ധപ്പെട്ട രേഖകൾ അപേക്ഷയോടൊപ്പം നൽകിയിരുന്നില്ല. ഇപ്പോൾ രേഖകളെല്ലാം നൽകി. ധനസഹായം നൽകാൻ അനുമതി നൽകണമെന്നു സംബന്ധിച്ച്.

**തീരുമാനം :-** 2009-10-ലെ നിരക്ക് അനുസരിച്ച് ധനസഹായം നൽകാൻ അനുമതി നൽകുന്നു.

നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

**4.24 പായിപ്പാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 23.01.2018-ലെ A6-6641/17-ാം നമ്പർ കത്ത് (LSGD - DA1/288/2018/LSGD)**

പട്ടികജാതി വിഭാഗത്തിൽപ്പെട്ട ശ്രീ. പ്രകാശ് എം.കെ, ശ്രീ. ഓമനക്കുട്ടൻ.പി.കെ. എന്നിവരുടെ പെൺമക്കളുടെ വിവാഹ ധനസഹായത്തിന്റെ അപേക്ഷ വിവാഹം കഴിഞ്ഞ് 90 ദിവസത്തിനുശേഷമാണ് നൽകിയത്. ഇവർക്ക് കൂടി ധനസഹായം നൽകാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നൽകുന്നു.

നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

**4.25 തിരുമാറാടി കാക്കൂർ ലക്ഷം വീട് നിർമ്മാണ കമ്മിറ്റി കൺവീനറുടെ 06.06.2016-ലെ കത്ത്. ( LSGD - DA2/281/2016/LSGD)**

തിരുമാറാടി ഗ്രാമപഞ്ചായത്തിൽ ചെറ്റയിൽ ലക്ഷം വീട് കോളനിയുടെ സമഗ്ര വികസനത്തിന് 05.03.2011-ൽ 19,98,025/- രൂപ പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ അനുവദിച്ചിരുന്നു. റോഡ്, കുളം നികത്തൽ, നടപ്പാത, വീട് നിർമ്മാണം എന്നിവയ്ക്കാണ് തുക അനുവദിച്ചത്. ഈ തുക ഉപയോഗിച്ച് മേൽ പറഞ്ഞ പ്രവൃത്തിയുടെ നടത്തിപ്പും തുക നൽകുന്നതും സംബന്ധിച്ച് അന്വേഷണം നടത്തി നടപടി സ്വീകരിക്കണമെന്നു സംബന്ധിച്ച്

**തീരുമാനം:-** ഇതിന്റെ നടത്തിപ്പ് സംബന്ധിച്ച് പരാതിയും വിജിലൻസ് അന്വേഷണവും ഉണ്ട്. അതിനാൽ കോഓർഡിനേഷൻ കമ്മിറ്റിയിൽ പരിഗണിക്കുന്നില്ല. വകുപ്പുതലത്തിൽ പരിശോധിച്ച് നടപടി സ്വീകരിക്കേണ്ടതാണ്.

നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.എ ) വകുപ്പ്

**4.26 തസ്വഭവ (എ.സി) വകുപ്പിന്റെ 18.04.2018-ലെ തസ്വഭവ ( AC3-163/2017/ തസ്വഭവ നമ്പർ കുറിപ്പ്**

തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 13.04.2018ന് ചേർന്ന യോഗ തീരുമാനപ്രകാരം താഴെപ്പറയുന്നത് കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്ക് നൽകണമെന്ന് തീരുമാനിച്ചിരുന്നു.

"തദ്ദേശ ഭരണ സ്ഥാപനങ്ങൾ അക്രഡിറ്റഡ് ഏജൻസി വഴി നടപ്പിലാക്കുന്ന നിർമ്മാണ പ്രവർത്തികൾക്ക് സൂപ്പർ വിഷൻ/ മെഷർമെന്റ് /ചെക്ക് മെഷർമെന്റ് എന്നിവ തദ്ദേശഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെടുന്ന പക്ഷം എഞ്ചിനീയറിംഗ്

വിഭാഗം ചെയ്തു നൽകേണ്ടതാണ്''. ഈ തീരുമാനത്തിന് കോഓർഡിനേഷൻ കമ്മിറ്റിയുടെ അംഗീകാരം സംബന്ധിച്ച്.

**തീരുമാനം :-** അംഗീകരിക്കുന്നു

നടപടി:- 1) തദ്ദേശസ്വയംഭരണ ( എ.സി ) വകുപ്പ്

**4.27 കുംബഡജെ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 26.03.2018-ലെ A3-202/2018-ാം നമ്പർ കത്ത് (125/FM1/2018/LSGD)**

2017-18 -ൽ ധനകാര്യ കമ്മീഷൻ ഗ്രാന്റുപയോഗിച്ച് ISO സർട്ടിഫിക്കേഷൻ ലഭ്യമാക്കൽ, പഞ്ചായത്ത് ഓഫീസിലേയ്ക്ക് സെർവ്വർ/കമ്പ്യൂട്ടർ വാങ്ങൽ, ഫോട്ടോകോപ്പിയർ വാങ്ങൽ , സൗണ്ട് സിസ്റ്റം, ഫർണിച്ചർ വാങ്ങൽ എന്നിവയ്ക്കായി 6 പ്രോജക്ടുകൾ തയ്യാറാക്കിയിട്ടുണ്ട്. (ആകെ അടങ്കൽ 9,52,865/- രൂപ) ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഈ ആവശ്യത്തിന് ഉപയോഗിക്കാവുന്നതല്ല. അനുമതി നിരസിച്ചു.

നടപടി:- 1) തദ്ദേശസ്വയംഭരണ (എഫ്.എം ) വകുപ്പ്

**4.28 കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 31.05.2018 -ലെ 82/2018-19/DPC/DPO/KNR -ാം നമ്പർ കത്തും പട്ടുവം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 18.05.2018-ലെ A2-3885/(1) -ാം നമ്പർ കത്തും.**

2018-19 വാർഷിക പദ്ധതിയിൽ ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് ''പഞ്ചായത്ത് ഓഫീസ് വിപുലീകരണം'' എന്ന പ്രോജക്ട് ഉൾപ്പെടുത്തിയിരുന്നു വെങ്കിലും ജില്ലാ ആസൂത്രണസമിതി അംഗീകരിച്ചില്ല. (പ്രോ.നം. 58/19 - അടങ്കൽ 5,00,000/- രൂപ ) ഇതിന് അനുമതി സംബന്ധിച്ച്.

**തീരുമാനം :-** ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഈ ആവശ്യത്തിന് ഉപയോഗിക്കാവുന്നതല്ല. അനുമതി നിരസിച്ചു.

നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.എ ) വകുപ്പ്

**4.29 ആലപ്പുഴ നഗരസഭാ ചെയർമാന്റെ 20.01.2018-ലെ കത്ത്**

നഗരസഭയുടെ ഇലക്ട്രിക് വേലകളുടെ പ്രോജക്ടുകൾക്ക് (10 ലക്ഷത്തിലധികമുള്ള പ്രവൃത്തികൾ) സാങ്കേതികാനുമതിക്കായി പി. ഡബ്ല്യൂ.ഡി. ഇലക്ട്രിക്കൽ വിഭാഗം ചീഫ് എഞ്ചിനീയർക്ക് നൽകിയിട്ടുണ്ട്. സാങ്കേതികാനുമതി ലഭിക്കുന്നതിന് അഡ്വാൻസായി സെന്റേജ് നൽകണമന്ന് ചീഫ് എഞ്ചിനീയർ ആവശ്യപ്പെട്ടിട്ടുണ്ട്. ഇതു പരിശോധിക്കണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** ഇതു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീടു തീരുമാനമെടുക്കും.

നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.സി ) വകുപ്പ്
2) തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ

**4.30 ആനക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 06.12.2017-ലെ A1-6333/17-ാം നമ്പർ കത്തും 15.11.17 2(2)-ാം നമ്പർ ഭരണ സമിതി തീരുമാനം (LSGD-DA1/89/2018/LSGD)**

2015-16 വർഷം വീട് പുനരുദ്ധാരണത്തിന് പ്രോജക്ട് തയ്യാറാക്കിയിരുന്നു. (പ്രോ.നം.322/16). ഇത് 2016-17 വർഷം സ്പിൽ ഓവറായി തുടർന്നു. ഇതിൽ 8 ഗുണഭോക്താക്കൾ ആദ്യ ഗഡു കൈപറ്റിയിരുന്നു. 2017-18-ൽ ഇത് സ്പിൽ ഓവറായി ഉൾപ്പെടുത്താൻ വിട്ടുപോയി. അതിനാൽ അവസാന ഗഡു നൽകാൻ കഴിഞ്ഞില്ല. ഈ പ്രോജക്ട് 2017-18-ൽ സ്പിൽ ഓവറായി തുടരാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** 2018-19-ൽ പുതിയ പ്രോജക്ട് ഏറ്റെടുത്ത് വാല്യുവേഷന്റെ അടിസ്ഥാനത്തിൽ ബാക്കി തുക നൽകാവുന്നതാണ്.

നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

**4.31 തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 01.06.2018-ലെ കത്തും വക്കം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 01.06.2018-ലെ കത്തും**

ഔഷധിയിൽ നിന്ന് മരുന്നു വാങ്ങുന്നതിന് തുക അഡ്വാൻസായി നൽകേണ്ടതുണ്ട്. പഞ്ചായത്ത് 2018-19-ൽ ഔഷധിയിൽ നിന്നും മരുന്നു വാങ്ങുന്നതിന് തുക നൽകാനായി പ്രൊഫോർമ ഇൻവോയിസോടു കൂടി സാംഖ്യ സോഫ്റ്റ് വെയർ വഴി ബിൽ സമർപ്പിച്ചുവെങ്കിലും ബിൽ മാറി നൽകിയില്ല. ഇത് പരിഹരിക്കണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** ഇതിന്മേൽ നിർദ്ദേശം നൽകാൻ ധനവകുപ്പിനോടാ വശ്യപ്പെട്ടു.

നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.എ ) വകുപ്പ്

**4.32 ശ്രീകണ്ഠപുരം നഗരസഭാ ചെയർമാന്റെ 08.05.218-ലെ കത്ത്**

2017-18-ൽ പട്ടികജാതി വിഭാഗക്കാർക്ക് വീട് റിപ്പയർ ചെയ്യുന്നതിന് പ്രോജക്ട് നടപ്പാക്കി. അബദ്ധവശാൽ ലിസ്റ്റിൽപ്പെട്ട രണ്ടു ഗുണഭോക്താക്കൾ പട്ടികവർഗ്ഗ ക്കാരായിരുന്നു. ഇവർക്ക് പ്രത്യേക ഘടക പദ്ധതി ഫണ്ട് നൽകാവുന്നതല്ല എന്നതിനാൽ തനത് ഫണ്ടിൽ നിന്ന് തുക നൽകാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** അനുമതി നൽകുന്നു

നടപടി:- 1) തദ്ദേശസ്വയംഭരണ (എഫ്.എം ) വകുപ്പ്

**4.33 മങ്കട ഗ്രാമപഞ്ചായത്തു പ്രസിഡന്റിന്റെ 27.04.2018-ലെ കത്ത്**

01.04.2017 മുതൽ 31.05.2017 വരെ കേരള വാട്ടർ അതോറിട്ടിയിൽ നിന്ന് കുടിവെള്ളം വാങ്ങി പഞ്ചായത്തിൽ വിതരണം ചെയ്തു. കുടിവെള്ളത്തിന്റെ വിലയായി 1,59,900/- രൂപ വാട്ടർ അതോറിട്ടിയിൽ നൽകി. കുടിവെള്ള വിതരണത്തിന് ലിറ്ററിന് 40 പൈസ നിരക്കിൽ 26,65,000 ലിറ്റർ കുടി വെള്ളം വിതരണം ചെയ്തതിന് 10,66,000/- രൂപ കരാറുകാരന് നല്കണം. സർക്കാർ ഉത്തരവ് പ്രകാരം മുകളിൽ പറഞ്ഞ കാലയളവിൽ ചെലവാക്കാവുന്ന തുക 10.00 ലക്ഷം രൂപയാണ്. അതിനാൽ അധികമായി 2,25,900/- രൂപ കൂടി കുടിവെള്ള വിതരണത്തിന് ചെലവഴിക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** ഇതിന്മേൽ വകുപ്പുതലത്തിൽ തീരുമാനമെടുക്കണം

നടപടി:- 1) തദ്ദേശസ്വയംഭരണ ( എഫ്.എം ) വകുപ്പ്

**4.34 ബഹു. ഏറനാട് എം.എൽ.എയുടെ 23.05.2018-ലെ കത്തും എടവണ്ണ ഗ്രാമ പഞ്ചായത്തിന്റെ 16.02.2018-ലെ (7)-ാം നമ്പർ ഭരണസമിതി തീരുമാനവും മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 05.05.2018-ലെ 4345/18-ാം നമ്പർ കത്തും.**

എടവണ്ണ ഗ്രാമപഞ്ചായത്ത് 2017-18-ൽ വനിതാ വ്യായാമശാല സജ്ജീകരണം എന്ന പ്രോജക്ട് തയ്യാറാക്കുകയും ജില്ലാ ആസൂത്രണ സമിതി അംഗീകാരം നേടുകയും ചെയ്തു. (പ്രോ.നം. 334/18, അടങ്കൽ 4.00,000/- രൂപ) ഈ പ്രോജക്ട് വെറ്റിംഗ് നടത്താതെ തന്നെ നിർവഹണം ആരംഭിച്ചു. ഇതിന് സാധൂകരണം നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** 2016-17-ൽ ഇതേ രീതിയിൽ ഒരു പ്രോജക്ട് നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരുവെങ്കിലും 15.03.2017-ലെ കോഓർഡിനേഷൻ കമ്മിറ്റിയിൽ (ഖണ്ഡിക 3.45) അനുമതി നിരസിച്ചിരുന്നതാണ്. അതേ പ്രോജക്ട് 2017-18-ൽ വെറ്റിംഗ് നടത്താതെ നിർവഹണം ആരംഭിച്ചത് പഞ്ചായത്തിന്റെ ഭാഗത്തു നിന്നുള്ള വീഴ്ചയാണെന്ന് യോഗം നിരീക്ഷിച്ചു.

മുകളിൽ പറഞ്ഞ പ്രോജക്ട് ജില്ലാതലത്തിൽ നൂതന പ്രോജക്ടിനുള്ള സമിതിയുടെ അംഗീകാരത്തിനു വിധേയമായി നടപ്പാക്കാൻ അനുമതി നൽകുന്നു.

നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

**4.35 ബഹു. ദേവികുളം എം.എൽ.എയുടെ 04.06.2018-ലെ കത്ത്**

ജില്ലയിൽ MLASDF അടക്കമുള്ള ഫണ്ട് ഉപയോഗിച്ച് നടപ്പാക്കുന്ന പ്രോജക്ടുകൾ പലതും അക്രഡിറ്റഡ് ഏജൻസി മുഖേന നടപ്പാക്കുന്നുണ്ട്. ഇത്തരം പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകാനുള്ള ചുമതല തദ്ദേശ സ്വയം ഭരണവകുപ്പിലെ എഞ്ചിനീയറിംഗ് വിഭാഗത്തിനാണ്. ഇതു പുനഃപരിശോധിച്ച് സാങ്കേതികാനുമതി നൽകാനുള്ള ചുമതല അക്രഡിറ്റഡ് ഏജൻസിയിലെ എഞ്ചിനീയറിംഗ് വിഭാഗത്തിനു തന്നെ നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

**തീരുമാനം :-** ഇതു സംബന്ധിച്ച് പാലിക്കേണ്ട നടപടിക്രമം ധനവകുപ്പിന്റെ 25.07.17 - ലെ 95/2017/FIN നമ്പറായുള്ള ഉത്തരവിൽ പ്രതിപാദിച്ചിട്ടുണ്ട്. മുകളിൽ പറഞ്ഞ ആവശ്യം പരിശോധിച്ച് നടപടികൾക്കായി ധനവകുപ്പിനു നൽകാൻ തീരുമാനിച്ചു.

നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.എ ) വകുപ്പ്

യോഗം വൈകിട്ട് 4.00 മണിക്ക് അവസാനിച്ചു.

********